
# സന്ദേശം




കേരള സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് ഞങ്ങളുടെ വിദ്യാലയമായ നെഹ്റു സ്മാരക പഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാഭ്യാസ ഗുണതയും തുല്യതയും ഉറപ്പാക്കിക്കൊണ്ട് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായിമാറ്റുന്നതിന് സഹായകമായ ആശയങ്ങളും പ്രവർത്തനങ്ങളുമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കർമ്മധീരരായ അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും സമൂഹത്തിനും തെളിച്ചവും ദിശാ ബോധവും നൽകുന്ന നിരവധി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ ഈ അക്കാദമിക മാസ്റ്റർപ്ലാൻ വിജയകരമായി പൂർത്തീകരിക്കുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ

പുറ്റടി
31/05/2025

സേതുനാഥ് പി
ഹെഡ്മാസ്റ്റർ

## ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ലഘു ചരിത്രം
5. സ്കൂൾ വിവരങ്ങൾ
6. അവസ്ഥാ വിശകലനം
7. വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം - നിലവിലെ അവസ്ഥ
8. വിദ്യാലയത്തിന്റെ ശക്തി
9. വിദ്യാലയത്തിന്റെ ദൗർലഭ്യങ്ങൾ
10. കാഴ്ചപ്പാട്
11. അക്കാദമിക പ്രവർത്തന വിശദാംശങ്ങൾ (മേഖല ,ഉപമേഖല , ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം ചുമതല, സാമ്പത്തിക വിശകലനം, പ്രതീക്ഷിത നേട്ടങ്ങൾ)
12. മോണിറ്ററിംഗ്
13. ഉപസംഹാരം

അനുബന്ധം

1. മികവുകൾ നേട്ടങ്ങൾ, നടപ്പ് വർഷം, മുൻവർഷം
2. കുട്ടികളുടെ എണ്ണം - മുൻവർഷങ്ങളിൽ
3. നിലവിലുള്ള കമ്മിറ്റികൾ - ക്ലബ്ബുകൾ - അംഗങ്ങളുടെ പട്ടിക

## ആമുഖം

കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് ഞങ്ങളുടെ വിദ്യാലയമായ നെഹ്റു സ്മാരക പഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ചരിത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പൻ ചോല താലൂക്കിൽ വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ പുറ്റടി ഗ്രാമത്തിലാണ് നെഹ്റു സ്മാരക പഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. സുഗന്ധവ്യഞ്ജനങ്ങളുടെ രാജ്ഞിയായ ഏലക്കയുടെ പെരുമയേറുന്ന പുറ്റടിയിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനമാണിത് . മൂന്നാർ - കുമളി ദേശീയപാതയോരത്ത് ശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ ഹരിതാഭമായി നിലകൊള്ളുന്ന ഈ വിദ്യാലയം 1966 ലാണ് സ്ഥാപിതമായത്. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. വി. ജി . ശ്രീധരൻ വൈദ്യർ അവറുകളുടെ കർമ്മകുശലതയും ക്രാന്ത ദർശിത്വവുമാണ് ഈ സരസ്വതി ക്ഷേത്രത്തിൻറെ പ്രാരംഭത്തിന് നിദാനമായത്. ഈ പ്രദേശത്തു നിന്നുള്ള ഭൂരിഭാഗം വിദ്യാർത്ഥികളും മുരിക്കടിയിൽ സ്ഥിതിചെയ്യുന്ന എം.എ.ഐ.എച്ച്.എസിനെയാണ് അക്കാലത്ത് വിദ്യാഭ്യാസത്തിനായി ആശ്രയിച്ചിരുന്നത്. ഓല ഷെഡിൽ നിരവധി കുട്ടികളോടൊപ്പം പ്രവർത്തനം ആരംഭിച്ച വിദ്യാലയം നിരവധി പ്രതിസന്ധികൾ നേരിട്ടതിനു ശേഷവും മികവിന്റെ പാതയിലേക്ക് മുന്നേറുകയാണ്. എട്ടുമുതൽ പത്താം ക്ലാസ് വരെ പ്രവർത്തിച്ചിരുന്ന സ്കൂളിൽ 1998-ൽ ഹ്യൂമാനിറ്റീസ് ഐച്ഛിക വിഷയമായി ഹയർ സെക്കൻഡറി വിഭാഗം ആരംഭിക്കുകയുണ്ടായി. ഇപ്പോൾ ഹ്യൂമാനിറ്റീസിന് പുറമേ ഹോം സയൻസ് ബാച്ചും പ്രവർത്തിക്കുന്നു. 2010-ൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത് സ്കൂളുകളും ഗവൺമെൻറ് ഏറ്റെടുത്ത സാഹചര്യത്തിൽ നമ്മുടെ സ്കൂളും വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ ഏക ഗവൺമെൻറ് സ്കൂളായി മാറുകയുണ്ടായി.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

ഇടുക്കി ജില്ലയിലെ തന്നെ പ്രഥമ സ്ഥാനത്ത് നിൽക്കുന്ന ഐടി അധിഷ്ഠിത ക്ലാസ് റൂമുകളാണ് വിദ്യാലയത്തിന് മുന്നേറ്റത്തിന് ആക്കംവർദ്ധിപ്പിക്കുന്നത്. പാഠ – പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന അധ്യാപകരും വിദ്യാർത്ഥികളും ആണ് സ്കൂളിൻറെ നേട്ടം. ശുചിത്വം, കാർഷിക സംസ്കാരം, ഊർജ്ജ സംരക്ഷണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ഹരിത വിദ്യാലയം സൃഷ്ടികൾ തുടങ്ങിയ കാഴ്ചപ്പാടുകളുടെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ഓരോ കുട്ടിയെയും ഓരോ വ്യത്യസ്ത യൂണിറ്റുകളായി കണ്ടുകൊണ്ട് അനുയോജ്യമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.
അക്കാദമിക പദ്ധതി രൂപീകരണ പ്രക്രിയയുടെ വിവിധഘട്ടത്തിൽ സമൂഹത്തിലെ വിവിധ മേഖലകളിലെ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയുണ്ടായി. അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ താഴെ പറയും പ്രകാരമാണ്.

1) എസ് ആർ ജി യോഗത്തിൽ എൻ എസ് പി എച്ച്എസ്എസ് സ്കൂൾ വിഷൻ 2025-26 അവതരിപ്പിക്കലും ചർച്ചയും.
2) വികസന ആവശ്യങ്ങൾ ക്ലാസ്/വിഷയ അടിസ്ഥാനത്തിൽ - അക്കാദമിക കരട് രൂപരേഖ തയ്യാറാക്കൽ.
3) കരട് രൂപരേഖ, എസ് .ആർ .ജി , എസ് .എം.സി,പി.ടി.എ, എം.പി.ടി.എ, ഓ.എസ്. എ, ഓ.ടി.എ, എസ് .ഡി.സി, അധ്യാപക സംഘടനാ പ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കൽ.

4) ശില്പശാലയിൽ ഉയർന്ന വന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കൽ.

5) പിടിഎ നേതൃത്വത്തിൽ ക്രോഡീകൃത നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിൻറെ പേര് | : | നെഹ്റു സ്മാരക പഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂൾ ,പുറ്റടി |
| പഞ്ചായത്ത് | : | വണ്ടൻമേട് പഞ്ചായത്ത് |
| വാർഡ് | : | 14 |
| വില്ലേജ് | : | പുറ്റടി |
| ബ്ലോക്ക് | : | കട്ടപ്പന |
| താലൂക്ക് | : | ഉടുമ്പൻചോല |
| നിയമസഭാ മണ്ഡലം | : | ഉടുമ്പൻചോല |
| ലോക്സഭാ മണ്ഡലം | : | ഇടുക്കി |
| റവന്യൂ ജില്ല | : | ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | : | കട്ടപ്പന |
| ഉപജില്ല | : | നെടുങ്കണ്ടം |
| ബി.സി.ആർ.സി | : | നെടുങ്കണ്ടം |
| സി ആർ സി | : | പുളിയന്മല |
| സ്കൂൾ കോഡ് | : | 30023 |
| ഫോൺ | : | 04868 277075 |
| ഇ-മെയിൽ | : | nsphssputtady@gmail.com |
| ഹെഡ്മാസ്റ്റർ | : | സേതുനാഥ് പി |

**അവസ്ഥാ വിശകലനം**

**വിദ്യാർത്ഥികളുടെ എണ്ണം 2025-26**

| വിഭാഗം | ക്ലാസ് | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 8 | | | 9 | | | 10 | | | ആകെ | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ജനറൽ | 0 | 2 | 2 | 2 | 0 | 2 | 3 | 4 | 7 | 5 | 6 | 11 |
| എസ് സി | 5 | 0 | 5 | 0 | 0 | 0 | 1 | 0 | 1 | 6 | 0 | 6 |
| എസ് ടി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ഒ ബി സി | 4 | 4 | 8 | 2 | 4 | 6 | 4 | 4 | 8 | 10 | 12 | 22 |
| ഒ ഇ സി | 0 | 1 | 1 | 0 | 0 | 0 | 1 | 0 | 1 | 1 | 1 | 2 |
| ആകെ | 9 | 7 | 16 | 4 | 4 | 8 | 9 | 8 | 17 | 22 | 19 | 41 |

**ജീവനക്കാരുടെ വിവരങ്ങൾ**

| ക്രമനമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഹെഡ്മാസ്റ്റർ | 1 |
| 2 | എച്ച് .എസ് .എ | 6 |
| 3 | ക്ലർക്ക് | 1 |
| 4 | ഓ .എ | 2 |
| 5 | മീനിയൽ | 1 |

അധ്യാപകർ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്തുവരുന്നു. ലഭ്യമായ പരിശീലനങ്ങൾ ക്ലാസ് മുറികളിൽ പ്രയോഗിക്കുന്നതിനും അവർ ശ്രദ്ധ പുലർത്തുന്നു. പഠനോപകരണങ്ങൾ, ചാർട്ടുകൾ മോഡലുകൾ, വർക്കിംഗ് മോഡലുകൾ തുടങ്ങിയവയുടെ നിർമ്മാണം കുട്ടികളുടെ പങ്കാളിത്തത്തോടെ നടത്തുന്നു. കുറഞ്ഞ സമയം കൊണ്ട് പാഠഭാഗങ്ങൾ പൂർത്തിയാക്കൽ, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, കുട്ടികളുടെ അലസ മനോഭാവം എന്നിവ അധ്യാപകർ നേരിടുന്ന വെല്ലുവിളികളാണ് . ഇത് പരിഹരിക്കുവാൻ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥികൾ എന്നിവരുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്.

**വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം - നിലവിലെ അവസ്ഥ**

| വിഭാഗം | നിലവിൽ | ആവശ്യം |
|---|---|---|
| അഡീഷണൽ ക്ലാസ് മുറികൾ | ഇല്ല | വേണം |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 4 | ഇല്ല |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 8 | ഇല്ല |
| ജീവനക്കാരുടെ ടോയ്‌ലറ്റ് | 1 | വേണം |

| | | |
|---|---|---|
| കുടിവെള്ള സൗകര്യം | 20 ടാപ്പ് , കിണർ | വേണം |
| പ്രധാന അധ്യാപക മുറി | 1 | ഇല്ല |
| ചുറ്റുമതിൽ | ഇല്ല | പൂർണ്ണമായും വേണം |
| കളിസ്ഥലം | ഉണ്ട് | ഇല്ല |
| അടുക്കള | ഉണ്ട് | ഇല്ല |
| ഡൈനിങ് ഹാൾ | ഇല്ല | വേണം |

- എട്ടാം തരം മുതലാണ് ഇവിടെ ക്ലാസുകൾ ആരംഭിക്കുന്നത്.
- 1966-ൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ അന്ന് രൂപകല്പന ചെയ്ത കെട്ടിടങ്ങളാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ കെട്ടിടങ്ങളാണ് ഇവ. ഇതുമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്.
- വൃത്തിയായി ടൈലിട്ട 5 ക്ലാസ് റൂമുകൾ ആവശ്യമാണ്

<u>വിദ്യാലയത്തിന്റെ ശക്തി</u>

മനോഹരമായ ചുറ്റുവട്ട കാഴ്ചകളോടെ മികച്ച പഠന അന്തരീക്ഷം ഒരുക്കുന്ന വിധത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. വിശാലമായ ഏഴ് ഏക്കർ സ്ഥലത്ത് വൃക്ഷങ്ങളുടെ പച്ചപ്പിൽ നാടിൻറെ എല്ലാവിധ തിരക്കിൽ നിന്നും ഒഴിഞ്ഞ് ഒരു ചെറിയ കുന്നിൻറെ മുകളിൽ ഈ വിദ്യാലയം തലയുയർത്തി നിൽക്കുന്നു.

അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന ജീവനക്കാർ ഈ വിദ്യാലയത്തിന്റെ ഏറ്റവും വലിയ ശക്തിയാണ്. എല്ലാ കുട്ടികളെയും രക്ഷിതാക്കളുടെ കണ്ണിലൂടെ കാണുകയും അവരുടെ എല്ലാ സഹായത്തിനും ഒപ്പം നിൽക്കുകയും ചെയ്യുന്ന ജീവനക്കാരാണ് ഇവിടെയുള്ളത്. കുട്ടികളുടെ എണ്ണം താരതമ്യേന കുറവായതിനാൽ ഓരോ കുട്ടിയെയും വ്യക്തിപരമായി അറിയുന്നതിനും അവരുടെ ശക്തിയും ദൗർബല്യവും മനസ്സിലാക്കുവാനും കഴിയുന്നു. ഇതിന് അനുസൃതമായി പരിഹാരബോധന മാർഗങ്ങൾ കൂട്ടായ ആലോചനയിലൂടെ കണ്ടെത്തുന്നു.

7 ഏക്കർ വരുന്ന സ്കൂൾ പരിസരത്ത് വിശാലമായ ഒരു മൈതാനം സ്ഥിതി ചെയ്യുന്നു. കഴിഞ്ഞവർഷം മുതൽ വിവിധ ഗ്രൂപ്പുകളായി കുട്ടികളെ തിരിച്ച് പച്ചക്കറി കൃഷി പൂന്തോട്ടം എന്നിവ നിർമ്മിച്ചു വരുന്നു. നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് കൃഷിയെ കുറിച്ചുള്ള പ്രായോഗിക അറിവുകൾ നേടി കൊടുക്കുന്നതിനും ശാസ്ത്രീയമായ കൃഷി നടപ്പാക്കുന്ന രീതി ബോധ്യപ്പെടുത്തുന്നതിനും സ്കൂൾ പരിസരത്ത് അടുക്കളത്തോട്ടം നിർമ്മിച്ചിരിക്കുന്നു.
ഈ പ്രവർത്തനങ്ങൾ കുട്ടികളിൽ പരിസ്ഥിതി സംരക്ഷണ പ്രാധാന്യം വളർത്താൻ സഹായകമാകുന്നു. ഈ സ്കൂളിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു വിദ്യാരംഗം, സയൻസ് , ഹെൽത്ത്, സോഷ്യൽ സയൻസ്, ഗണിതം, ഇംഗ്ലീഷ് , ഐടി, ജൈവവൈവിധ്യം തുടങ്ങിയ വിഷയങ്ങളിൽ ഊന്നിയാണ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്.

<u>**സ്കൂൾ കൗൺസിലർ**</u>

കുട്ടികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും കൗമാര പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നതിനും സ്കൂൾ കൗൺസിലറുടെ സേവനം സ്കൂളിൽ ലഭ്യമാണ്.

<u>**ലൈബ്രറി**</u>

എഴുത്തിലും വായനയിലും ഉള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക , കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക, വായനയിലൂടെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് ഏകദേശം 2000 പുസ്തകങ്ങളുടെ ശേഖരമുള്ള ഒരു ലൈബ്രറി ഈ വിദ്യാലയത്തിൽ

പ്രവർത്തിച്ചുവരുന്നു. പരമാവധി പുസ്തകങ്ങൾ വായിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു. കൂടാതെ ക്ലാസ് ലൈബ്രറികളും സജീവമായി പ്രവർത്തിച്ചുവരുന്നു.

**ശാസ്ത്ര ലാബ്**

ശാസ്ത്ര പഠനത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാണ് സജ്ജമായ ലാബുകൾ . പ്രായോഗിക പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര പഠനം താല്പര്യ ജനകവും ക്രിയാത്മകവും ആക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ശാസ്ത്ര ലാബുകൾ കുട്ടികൾക്ക് ഏറെ പ്രയോജനപ്രദമാണ്. എല്ലാവർഷവും ആർ.എം.സ്. എ ഫണ്ട് ലഭിക്കുന്നത് മുറയ്ക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുകയും സ്റ്റോക്ക് രേഖപ്പെടുത്തുകയും ചെയ്യുന്നു.

**ഹൈടെക് സംവിധാനങ്ങൾ - ഐടി ലാബ് , സ്മാർട്ട് ക്ലാസ് റൂം**

കുട്ടികളിൽ കൗതുകവും താൽപര്യവും വളർത്തിക്കൊണ്ട് പഠനം സുഗമമാക്കുന്നതിൽ ഐടി സാധ്യതകൾ അനന്തമാണ്. വിവിധ വിഷയങ്ങളിൽ , വിവിധ ക്ലാസുകളിൽ രൂപപ്പെട്ടു വരേണ്ട ആശയങ്ങൾ , ധാരണകൾ ഇവയെല്ലാം അനായാസം നേടിയെടുക്കുന്നതിന് ഐ ടി അധിഷ്ഠിത വിദ്യാഭ്യാസം അനിവാര്യമാണ്. ഈ വിദ്യാലയത്തിലെ എല്ലാ ക്ലാസ്സ് റൂമുകളും സ്മാർട്ട് ക്ലാസ്സ് റൂമുകളാണ്. ഐടി അധിഷ്ഠിത വിദ്യാഭ്യാസത്തിന് ഇത് വളരെ സഹായിക്കുന്നുണ്ട്. ഭിന്ന നിലവാരക്കാർക്കും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കുവാൻ ഐ ടി അധ്യക്ഷത വിദ്യാഭ്യാസം വളരെയേറെ സഹായിക്കുന്നുണ്ട്. സമഗ്ര പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠന വിഭവങ്ങൾ എല്ലാ അധ്യാപകരും പ്രയോജനപ്പെടുത്തുന്നു.

**പുരസ്കാരങ്ങൾ**

2014 മുതൽ 2024 വരെ തുടർച്ചയായി പത്താംതവണയും എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം നേടാൻ ഈ സ്കൂളിന് കഴിഞ്ഞു. ഈ വിജയം നേടുന്ന വണ്ടൻമേട് പഞ്ചായത്തിലെ ആദ്യ വിദ്യാലയമാണ് എൻ.എസ്. പി. എച്ച്.എസ്.എസ്.

**വിമുക്തി**

ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് ലഹരിയോട് നോ പറയാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ജൂലൈ മാസം ഒന്നാംഘട്ട ക്ലാസുകൾ നടന്നു.

സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള ശക്തമായ പിന്തുണ വിദ്യാലയത്തെ അനുദിനം പുരോഗതിയിലേക്ക് നയിക്കുന്നു. വ്യാപാരി വ്യവസായി സുഹൃത്തുക്കൾ ചുമട്ടു തൊഴിലാളികൾ , വിവിധ ടാക്സി ഡ്രൈവർമാർ, രാഷ്ട്രീയ നേതാക്കൾ, ജനപ്രതിനിധികൾ എന്നിവരെല്ലാം വിദ്യാലയത്തിന്റെ ഉയർച്ചയിൽ ശ്രദ്ധാലുക്കളാണ്. വിദ്യാലയ വികസനത്തിന് ആവശ്യമായ ഫണ്ട് നൽകാൻ എല്ലാ ജനപ്രതിനിധികളും ശ്രദ്ധിക്കുന്നു. ശക്തമായ പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന എല്ലാം ഈ സ്കൂളിൻറെ പ്രവർത്തനത്തെ സഹായിക്കുന്നുണ്ട് . വിവിധ ക്യാഷ് അവാർഡുകൾ, വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ എന്നിവയെല്ലാം സ്പോൺസർഷിപ്പിലൂടെ ലഭിക്കുന്നു.

**വിദ്യാലയത്തിന്റെ ദൗർബല്യങ്ങൾ**

1966 പ്രവർത്തനം ആരംഭിച്ച സ്കൂളിൻറെ സെക്കൻഡറി വിഭാഗത്തിൽ ഒരു കെട്ടിടം പോലും പുതുതായി ലഭിച്ചിട്ടില്ല എന്നത് സ്കൂളിൻറെ ഏറ്റവും വലിയ ന്യൂനതയായി നിലനിൽക്കുന്നു.

ഹയർ സെക്കണ്ടറി സ്കൂളിൻ്റെ പഴയ കെട്ടിടത്തിലാണ് സ്കൂൾ ഇപ്പോഴും പ്രവർത്തിച്ചു വരുന്നത്. ലൈബ്രറി , സയൻസ് ലാബ് , കമ്പ്യൂട്ടർ ലാബ് എന്നിവയെല്ലാം ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്കൂളിന് വൃത്തിയുള്ള പുതിയ കെട്ടിടം ഏറ്റവും ആവശ്യമാണ്.

സ്കൂളിന് ഏഴേക്കർ സ്ഥലം സ്വന്തമായി ഉണ്ടെങ്കിലും ചുറ്റുമതിൽ, പ്രവേശന കവാടം എന്നിവ നിലവിലില്ല. വിദ്യാലയത്തിന്റെ ചുറ്റുപാടും താമസിക്കുന്ന ജനങ്ങൾ നടപ്പാതയായും എളുപ്പമാർഗമായും സ്കൂൾ കോമ്പൗണ്ട്

ഉപയോഗിക്കുന്നു. കൂടാതെ അവധി ദിവസങ്ങളിൽ കന്നുകാലികളെ മേയ്ക്കുന്നതിനും മറ്റുമായി സ്കൂൾ പരിസരം ഉപയോഗിക്കുന്നു ഇതിനാൽ കൃഷി നശിക്കുകയും വിളകൾ നഷ്ടപ്പെടുകയും ചെയ്യുന്നു.

ഫീഡിംഗ് സ്കൂൾ ഇല്ല എന്നത് കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്നതിന് പ്രധാന കാരണമാണ്. എട്ടാം ക്ലാസ്സ് മുതൽ മാത്രം ആരംഭിക്കുന്നതിനാൽ മറ്റ് സ്കൂളുകളിൽ ഏഴാം തരത്തിൽ പഠിക്കുന്ന കുട്ടികൾ വേണം ഇവിടെ എട്ടാം തരത്തിൽ ചേരാൻ, എന്നാൽ ചില രക്ഷിതാക്കളോ അധ്യാപകരോ ഈ സ്കൂളിലേയ്ക്ക് കുട്ടികൾക്ക് ടി.സി.നൽകാൻ തയ്യാറാകുന്നില്ല എന്നതാണ് ഈ സ്കൂളിലെ വിദ്യാർഥി കളുടെ എണ്ണം കുറയുവാനുള്ള ഒരു കാരണം. അതിനാൽ എൽ. പി, യു.പി.വി ഭാഗം അനുവദിക്കേണ്ടത് അത്യാവശ്യമാണ്.

ഈ സ്കൂളിന്റെ പരിമിതികൾ അധികാര സ്ഥാപ നങ്ങളിൽ ഇരിക്കുന്നവർ ശ്രദ്ധിക്കാതെ പോകുന്നതും കാലോചിതമായി ചെയ്യേണ്ട കാര്യ ങ്ങൾ ചെയ്യാതിരിക്കുന്നതും ഈ സ്കൂളിന്റെ ദൗർബല്യം തന്നെയാണ്.

## കാഴ്ചപ്പാട്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാഭ്യാസ മേഖലയിൽ നവ ചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഈ സമൂഹത്തിലെ കുട്ടികളെ മാതൃകാപരമായ പ്രവർത്തനത്തിലൂടെ അവരുടെ വിവിധ കഴിവുകൾ അറിഞ്ഞും കണ്ടും വികസിപ്പിച്ച് സാമൂഹിക പങ്കാളിത്തത്തോടെ ഉയർച്ചയുടെ പടവുകളിലേയ്ക്ക് എത്തിയ്ക്കുകയാണ് ലക്ഷ്യം . ഭാവിയിൽ യൂ.പി തലം മുതൽ തന്നെ ഇംഗ്ലീഷ്, മലയാളം മീഡിയം ക്ലാസ്സുകൾ ആരംഭിച്ച്, മികവിന്റെ ഒരു വിദ്യാലയമാക്കി മാറ്റാൻ , ഈ സ്കൂളിനെ അക്ഷരാർത്ഥത്തിൽ ഹൈടെക്ക് വിദ്യാലയമാക്കി മാറ്റാൻ, ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

### പൊതു ലക്ഷ്യം

- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതു വിദ്യാഭ്യാസത്തിൻ്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുക, കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുക, എന്നിവയാണ് ഇതിന്റെ ലക്ഷ്യം.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിൻ്റെ കേന്ദ്രമാക്കി മാറ്റുക.
- ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണക്കാക്കുക. അവരുടെ വിവിധ മേഖലകളിലുള്ള വികസനം, കരിക്കുലവും, പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.
- അക്കാദമിക കാര്യങ്ങളിൽ പൂർണത കൈവരിക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യുക.
- സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഓരോ കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ അനായാസം ആശയ വിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക.
- കലാ-കായിക രംഗങ്ങളിൽ കുട്ടികളുടെ അഭിരുചിയ്ക്കനുസരിച്ച് മികവു തെളിയിക്കുവാൻ അവസരം ഒരുക്കുന്നു.
- ആൺ-പെൺ വ്യത്യാസമില്ലാതെ വിദ്യാലയ പ്രവർത്തനങ്ങൾക്കെല്ലാം തുല്യത ഉറപ്പിക്കാനുള്ള പ്രവർത്തനത്തിൽ പങ്കാളികളാക്കുക.
- വായനാനുഭവങ്ങൾ പങ്കിടുകയും,വ്യക്തമായ രീതിയിൽ ആവിഷ്കരിക്കുകയും വഴി പഠനത്തിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രക്രിയാക്കി വായന മാറ്റുക.

| മേഖല : ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യൽ<br><br>2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷേമമാക്കൽ - ഇംഗ്ലീഷിൽ സെമിനാര്, ഡിബേറ്റ്, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br><br>3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസ്സിനും ചുമതല<br><br>4. ഇംഗ്ലീഷിൽ ഡയറി എഴുതി ഓരോ കുട്ടിയും | എല്ലാ ക്ലാസും<br><br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേയ്ക്ക്<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>എല്ലാ ദിവസവും തുടർച്ചയായി | ബന്ധപ്പെട്ട ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻ ചാർജ്<br><br>ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് അദ്ധ്യാപിക | |

| ഉപമേഖല : **ഇംഗ്ലീഷ് തിയേറ്റർ** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | 1. ഇംഗ്ലീഷ് കഥ കവിത - രചന ക്യാമ്പ് ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ<br>2. പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റി അവതരണം , സ്കിറ്റ് നാടകം സംഭാഷണം തുടങ്ങിയ രീതികൾ<br>3. ഇംഗ്ലീഷ് ന്യൂസ് റീഡിങ്<br>4. ഇംഗ്ലീഷ് സിനിമ പ്രവർത്തനം | മൂന്ന മാസത്തിൽ ഒരിക്കൽ - ഒരു വര്ഷം<br>മാസത്തിൽ ഒരിക്കൽ<br>ആഴ്ചയിൽ ഒരു ദിവസം<br>രണ്ടു മാസത്തിൽ | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ, ക്ലബ് സെക്രട്ടറി<br>ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ് ക്ലബ് ഇൻ ചാർജ്<br>ഇംഗ്ലീഷ് ടീച്ചർ | |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ<br><br>വായന പരിപോഷിപ്പിക്കൽ<br><br>കുട്ടികളുടെ രചന സമൂഹത്തിലേക്ക് | School അധിക സമയം കണ്ടെത്തി വ്യാകരണത്തിനു പ്രാധാന്യം നൽകി ക്ലാസ്സ്<br><br>ക്ലാസ് ലൈബ്രറിയിലെയ്ക്ക് ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ, വായന കുറിപ്പ് തയ്യാറാക്കൽ<br><br>കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | ആഴ്ചയിൽ രണ്ടു ദിവസം<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി | |

**പ്രവർത്തനങ്ങൾ**

1. ശ്രദ്ധ :പ്രീ-ടെസ്റ്റ് നടത്തി പഠന പിന്നോക്കക്കാരെ കണ്ടെത്തുന്നു.
2. അക്ഷരം ഉറപ്പിക്കൽ: പിക്ച്ചർ കാർഡുകളിലൂടെ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
3. അക്ഷര കാർഡ് / വാക്ക് കാർഡ്: ഈ കാർഡ് ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു.
4. കഥാപുസ്തകം നൽകൽ: കഥാ പുസ്തകം വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ.
 പൂരിപ്പിക്കാൻ ആവശ്യപ്പെടുന്നു.
5. കഥാ പുസ്തകങ്ങൾ നൽകൽ : കഥാപുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പ് തയാറാക്കുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
6. വീഡിയോ പ്രദർശനം: വീഡിയോ പ്രദർശിപ്പിക്കുകയും കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു കയും ചെയ്യുന്നു
7. ക്ലാസ്സ് ലൈബ്രറി : ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കുക, വായിക്കാൻ അവസരം നൽകുക, ക്വിസ്സ്, ന്യൂസ് ഇവ എഴുതാൻ ആവശ്യപ്പെടൽ.
8. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ.

**മേഖല :മലയാളം**

**ഉപമേഖല : ഭാഷാ ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമാണം<br>4. വാക്യ നിർമാണം<br>5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | രണ്ടു മാസം ഒരു വർഷക്കാലം | മലയാളം ടീച്ചർ, SRG | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | | | |
| | 2. ക്ലാസ് ലൈബ്രറി നവീകരിക്കൽ | 6 മാസം- ഒരു വര്ഷം | മലയാളം ടീച്ചർ | |
| | 3. പുതു വര്ഷം പുസ്തക വർഷം | | | |
| | 4. ക്ലാസ് നിലവാരത്തിന് അനുസരിച്ച് പുസ്തകം ലഭ്യമാക്കൽ | ആവശ്യമനുസരിച്ച് | മലയാളം ടീച്ചർ | |
| | 5. വായനയ്ക്ക് ഒരു വാർഷിക പദ്ധതി | 3 മാസം | മലയാളം ടീച്ചർ | |
| | 6. പത്ര വായന | എല്ലാ ദിവസവും | മലയാളം ടീച്ചർ | |

## ഉപമേഖല : പത്ര വായന പരിപോഷിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്ര വായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ, ഓരോ ക്ലാസ്സിനും ഓരോ പത്രം | 3 മാസം | മലയാളം അദ്ധ്യാപിക | |
| | പ്രധാനാ വാർത്തകളുടെ അവതരണം | ദിവസേന | | |
| | പത്ര ക്വിസ് | ആഴ്ചയിൽ ഒരു ദിവസം | മലയാളം അദ്ധ്യാപിക | |
| | 1. വായന അനുഭവം പങ്കുവെക്കൽ | വർഷത്തിൽ ഒരു തവണ | വിദ്യാരംഗം | |
| | 2. സാഹിത്യ ക്വിസ് | മാസത്തിൽ ഒരു തവണ | മലയാളം അദ്ധ്യാപിക | |
| | 3.കവിത ആലാപന മത്സരം | 6 മാസത്തിൽ ഒരിക്കൽ | SRG | |
| സർഗ്ഗ ശേഷി വികസനം | 4. സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒരു തവണ | വിദ്യാരംഗം | |
| | 5. പുസ്തക ചർച്ച | ആഴ്ചയിൽ ഒരിക്കൽ | SRG | |
| | e - വായന | | | |
| | 6. അമ്മമാർക്കൊരു പുസ്തകം (വീട്ടുകളിലേക്ക് കുട്ടികൾ വശം ) | മാസത്തിൽ ഒരു തവണ | SRG | |

**മലയാളം പ്രോജക്ട്**

വായിച്ച വളരുക, ചിന്തിച്ച വിവേകം നേടുക എന്ന  മഹത് വചനത്തിനുവേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിൻ്റെയും പാതയിലേയ്ക്ക് നയിക്കാൻ വായനക്കൂട്ടം, എഴുത്തുക്കൂട്ടം, ശ്രദ്ധ എന്നിവയിലൂടെ സാധിക്കും. ഭാഷാപരമായ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ ഈ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ട്.

**ലക്ഷ്യങ്ങൾ**

1.എല്ലാവർക്കും എഴുത്തും വായനയും.

2. ക്ലാസ്സ് ലൈബ്രറികൾ സജീവമാക്കുക.

3. സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തുക.

4. വായനയുടെ വിവിധ തലങ്ങൾ മനസ്സിലാക്കുന്നു.

5. മലയാള സാഹിത്യ ശാഖകൾ മനസ്സിലാക്കുന്നു.

6. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടേയും എഴുത്തിന്റേയും സാധ്യത കണ്ടെത്തുന്നു.

7. ഭാഷയുമായി ബന്ധപ്പെട്ട ഐ.ടി. സാധ്യതകൾ മെച്ചപ്പെടുത്തുന്നു.

8. എഴുത്തിൻ്റെ വിവിധ തലങ്ങൾ മനസ്സിലാക്കുന്നു.

9. കൈയെഴുത്തു മാസിക, ചുമർ മാസികകളുമായി ബന്ധപ്പെട്ട വായനയുടേയും എഴുത്തിൻറേയും സാധ്യത കണ്ടെത്തുന്നു.

**പ്രവർത്തനങ്ങൾ**

1. **ശ്രദ്ധ:** പ്രി-ടെസ്റ്റ് നടത്തി പഠന പിന്നോക്കക്കാരെ കണ്ടെത്തുന്നു.

2. അക്ഷരം ഉറപ്പിക്കൽ: ചിത്രങ്ങളിലൂടെ മലയാളം അക്ഷരം ഉറപ്പിക്കുന്നു.

3. അടയാളങ്ങൾ (ചിഹ്നങ്ങൾ) ഉറപ്പിക്കൽ: ചിത്രത്തിന്റെ സഹായത്താൽ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.

4. അക്ഷര കാർഡ് / വാക്ക് കാർഡ്: ഈ കാർഡ് ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു.

5. കഥാപുസ്തകം നൽകൽ: കഥാ പുസ്തകം വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ.

6. വീഡിയോ പ്രദർശനം : ഓരോ ചിത്രത്തെയും കുറിച്ച് പറയാനും എഴുതാനും അവസരം നൽകുന്നു.

7. ഭിന്നശേഷിക്കാരെ പരിഗണിക്കൽ: ഭിന്നശേഷിക്കാർക്കായി ഐ.ഇ.ഡി. അധ്യാപകരുടെ സഹായത്തോടെ പ്രത്യേക പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.

8. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ: ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഗ്രൂപ്പായി തിരിച്ച് പാഠഭാഗവുമായി ബന്ധപ്പെട്ട വായനാക്കുറിപ്പ് തയ്യാറാക്കി അസംബ്ലി, വിജ്ഞാന വാണി തുടങ്ങിയ സദസുകളിൽ അവതരിപ്പിക്കുവാൻ അവസരം നൽകൽ.

9. കാസ്സ് ലൈബ്രറി രൂപീകരിക്കൽ : കുട്ടികളുടെ സഹാ ത്തോടുകൂടി ക്ലാസ്സിൽ നല്ലൊരു ലൈബ്രറി തയാറാക്കൽ.

10. സ്കൂൾ ലൈബ്രറി നവീകരിക്കൽ: സ്കൂൾ ലൈബ്രറി നവീകരിച്ച് കഥ, കവിത, ലേഖനം തുടങ്ങിയ വിഭാഗങ്ങളായി തിരിച്ച് സ്റ്റോക്ക് രജി സ്റ്റർ തയാറാക്കുകയും കുട്ടി ലൈബ്രേറിയൻമാരെ ഇതിനായി നിയോഗിക്കുകയും ചെയ്യുന്നു. ജന്മദിനത്തിന് "സ്കൂളിലേക്ക് ഒരു പുസ്തകം" എന്ന പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നു.

11. വായനോത്സവം സംഘടിപ്പിക്കുന്നു: കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുക്കുന്നവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ, ആസ്വാദനക്കുറിപ്പ് തയാറാക്കി അവതരിപ്പിക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, നാടകം, നാടൻ പാട്ടുകൾ ഇവ അവതരിപ്പിക്കൽ.

12. പത്രവായന: വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാകത്തക്ക വിധം ക്രമീകരിക്കൽ, പത്ര ക്വിസ്സ്, വാർത്തകൾ തുടങ്ങിയവ തയാറാക്കൽ. പാഠഭാഗവുമായി ബന്ധപ്പെടുത്തി പത്രം തയ്യാറാക്കുകയും വാർത്തകൾ ശേഖരിക്കുകയും ചെയ്യുക.

13. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം:

വായന, എഴുത്ത് എന്നിവ മെച്ചപ്പെടുത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ തയാറാക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ടവയും സ്വന്തമായ സൃഷ്ടിയും പരിചയപ്പെടുത്താൻ അവസരം നൽകൽ . വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ, സെമിനാറുകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ നൽകൽ.

14. ആകാശവാണി ക്ലബ്ബ്- വിജ്ഞാന വാണി : കുട്ടികളുടെ സർഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് വിജ്ഞാനവാണി തയാറാക്കൽ. ഓരോ ക്വിസിനും പ്രോത്സാഹനം നൽകൽ, ചുമതലകൾ നൽകൽ, മികച്ച പ്രകടനക്കാരെ കണ്ടെത്തി സമ്മാനം നൽകൽ.

15. ഇ-വായന:

വായനയുടെ അനന്ത സാധ്യത പരിഗണിച്ച് ഐ.ടി. ലാബിൻ്റെ സഹായത്തോടെ ബ്ലോഗ് രൂപീകരിക്കു കയും വിവിധ കൃതികളെ പരിചയപ്പെടുത്തുകയും വിവിധ വീഡിയോകളിലൂടെ പ്രവർത്തനം മെച്ചപ്പെട്ടു ത്തു കയും ചെയ്യുന്നു.

16. മോണിട്ടറിംഗ്:

സ്കൂൾ അധ്യാപകർ, പി.ടി.എ. തുടങ്ങിയവരുടെ സഹകരണത്തോടെ മോണിട്ടറിംഗ്.

| മേഖല : ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ ശാസ്ത്രാഭി രുചി വളർത്തൽ | 1.ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണ കളരി പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ<br>2. സ്കൂൾ തല സയൻസ് എക്സിബിഷൻ<br>3.ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം ബൈ സർവ്വേ അഭിമുഖം നിരീക്ഷണം | വർഷത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരു തവണ<br>ആവശ്യമനുസരിച്ച് | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | പിടിഎ<br>പിടിഎ |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ഒരു വർഷത്തിൽ മൂന്ന് തവണ | സയൻസ് ക്ലബ്ബ് | പിടിഎ |
| **ശാസ്ത്ര ലാബ് നവീകരണം** ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കും | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കും | ജനുവരി മുതൽ ഒരു മാസം | സയൻസ് ടീച്ചർ | |
| പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി , കുട്ടി- കുട്ടി എന്നിങ്ങനെ രണ്ടുതലത്തിൽ പരിശീലനം | ആഴ്ചയിൽ രണ്ടുദിവസം | എസ് ആർ ജി സയൻസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | ആറുമാസത്തിൽ ഒരിക്കൽ | എസ് ആർ ജി സയൻസ് ടീച്ചർ | |
| ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ ചോദ്യപേപ്പർ സമഗ്രയിൽ അപ്‌ലോഡ് ചെയ്യൽ. | മൂന്നുമാസം | എസ് ആർ ജി , സയൻസ് ടീച്ചർ | |
| മോഡൽ നിർമ്മാണം ശില്പശാല | ശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | ഒരു മാസം | എസ് ആർ ജി സയൻസ് ടീച്ചർ | |
| ഉപ മേഖല :പരിസ്ഥിതി സംരക്ഷണം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്താൻ ജൈവ പന്തൽ ഒരുക്കൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൾ, ജൈവ പന്തൽ ഒരുക്കൽ | മൂന്നുമാസം | ഇക്കോ ക്ലബ്ബ് | |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ | മൂന്നുമാസം | ഇക്കോ ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തലും എല്ലാ സസ്യങ്ങൾക്കും നാമകരണവും | | | |
| ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ. | ജൈവവൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ | മൂന്നുമാസം | ഇക്കോ ക്ലബ് | |

| മേഖല : ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1.ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക.<br>2. ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിയ വിദ്യാലയം മുറ്റത്ത് ഗണിത പാർക്ക് സജ്ജീകരിക്കൽ. | ലാബ് സജ്ജീകരണം അവധിക്കാലത്ത്<br>ജൂൺ ജൂലൈ | പിടിഎ, ഗണിത ടീച്ചർ<br>പിടിഎ, ഗണിത ടീച്ചർ | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2. ക്ലാസ്സിൽ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ<br>ഒരു മാസം<br>ജൂൺ<br>ഒരു മാസം | ഗണിത ടീച്ചർ<br>ഗണിത ടീച്ചർ | |
| ഗണിത ക്ലിനിക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക് | ഒരു വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | |

| മേഖല :ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വകാലം | ഹിന്ദി ടീച്ചർ | |
| ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ ജൂലൈ | ഹിന്ദി ടീച്ചർ , എസ് ആർ ജി | |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി ടീച്ചർ , എസ് ആർ ജി | |
| നാമം , സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു . വാക്യഘടന | ചാർട്ടുകൾ നൽകുന്നു അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി ടീച്ചർ , എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| പരിചയപ്പെടുത്തുന്ന ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു. | കവിത , കഥ പൂരിപ്പിക്കുവാൻ നൽകുന്ന സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | | | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുക . കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുക. | പദ്യം ചൊല്ലൽ കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് , സെപ്റ്റംബർ, ഒക്ടോബർ | | |

**<u>പ്രവർത്തനങ്ങൾ</u>**

1. ശ്രദ്ധ :പ്രീ-ടെസ്റ്റ് നടത്തി പഠന പിന്നോക്കക്കാരെ കണ്ടെത്തുന്നു.
2. അക്ഷരം ഉറപ്പിക്കൽ: പിക്ച്ചർ കാർഡുകളിലൂടെ ഹിന്ദി അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
3. വേർഡ്സ് കാർഡ്, സെന്റൻസ് കാർഡ് : ആൽഫബെറ്റ്സ്, വേർഡ് കാർഡുകളിലൂടെ വാക്കുകൾ രൂപീകരിക്കുകയും വാക്യങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു.
4. സ്റ്റോറി ടെല്ലിംഗ് - കഥ ബാക്കി പറയൽ എഴുതൽ: കതയുടെ കുറച്ചുഭാഗം നൽകി ബാക്കി ഭാഗം പൂരിപ്പിക്കാൻ ആവശ്യപ്പെടുന്നു.
5. കഥാ പുസ്തകങ്ങൾ നൽകൽ : കഥാപുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പ് തയാറാക്കുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
6. വീഡിയോ പ്രദർശനം: വീഡിയോ പ്രദർശിപ്പിക്കുകയും കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു കയും ചെയ്യുന്നു
7. ക്ലാസ്സ് ലൈബ്രറി : ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കുക, വായിക്കാൻ അവസരം നൽകുക, ക്വിസ്സ്, ന്യൂസ് ഇവ എഴുതാൻ ആവശ്യപ്പെടൽ.

കൂടാതെ റിഫ്‌ളക്ഷൻ, സ്പീച്ച്, ഇംഗ്ലീഷ് ന്യൂസ് ഇവ അവതരിപ്പി ക്കാനുള്ള അവസരം നൽകുക. സാഹിത്യ സമാജം വേദികൾ ഒരുക്കൽ.

| മേഖല : സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസ്സുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ , തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ ഒരുതവണ | സോഷ്യൽ സയൻസ് ടീച്ചർ | |
| സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ, കണ്ടെത്തലുകൾ എന്നിവയുടെ പ്രദർശനം. | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ സോഷ്യൽ സയൻസ് കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കുകയും ചെയ്യുന്നു. | എല്ലാദിവസവും ഒരു വർഷത്തേക്ക് | സോഷ്യൽ സയൻസ് ടീച്ചർ | |
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം, പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ. | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ , പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ. | മാസത്തിൽ ഒന്നു വീതം | എസ് ആർ ജി, സോഷ്യൽ സയൻസ് ക്ലബ് | |

| **മേഖല : ആരോഗ്യമുള്ള ശരീരം മനസ്സ് രൂപപ്പെടുത്തൽ.** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ , വിദ്യാഭ്യാസം ഫലപ്രദമാക്കൽ. | യോഗ, സുമ്പാഡാൻസ് സ്വയം പ്രതിരോധം | ആഴ്ചയിൽ ഒരു ദിവസം | എല്ലാ അധ്യാപകരും | |

| **മേഖല : പരിസ്ഥിതി സംരക്ഷണം.** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ , ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ. | മൂന്നുമാസം | ഇക്കോ ക്ലബ്ബ് | |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്, ഔഷധത്തോട്ടം വിപുലപ്പെടുത്തൽ, എല്ലാ സസ്യങ്ങൾക്കും നാമകരണം. | മൂന്നുമാസം | ഇക്കോ ക്ലബ്ബ് | |

| മേഖല : പ്രവർത്തി പരിചയം, കലാരംഗം, ഒ ആർ സി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| പ്രവൃത്തി പരിചയ പരിശീലനം | താല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. | ആഴ്ചയിൽ ഒന്ന് | എസ് ആർ ജി | |
| കലയിൽ താല്പര്യമുള്ളവർക്ക് പരിശീലനം | കലാവാസനങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ. | ആഴ്ചയിൽ ഒരു ദിവസം | എസ് ആർ ജി | |
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ഒ ആർ സി ട്രെയിനിങ് സഹവാസ ക്യാമ്പുകൾ | ഒ ആർ സി ട്രെയിനിങ്ങിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിങ് ക്ലാസുകളും. | ആറുമാസത്തിൽ ഒരിക്കൽ | ഓ ആർ സി നോഡൽ ടീച്ചർ | |

| മേഖല : കായിക വിദ്യാഭ്യാസം. | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിൽ എത്തിക്കൽ. | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്ക് എത്തിക്കൽ. | എല്ലാദിവസവും രാവിലെയും വൈകിട്ടും. | കായികാധ്യാപകൻ | |

കുട്ടികളുടെ സർവതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് നാം രൂപകല്പന ചെയ്യേണ്ടത്. വിവിധ ഭാഷകൾ അനായാസം ആശയ വിനിമയത്തിന് ഉപയോഗിക്കുവാൻ കഴിയും വിധം ഒരോ വിദ്യാർഥിയെയും വാർത്തെടുക്കാനുള്ള ഉത്തരാദിത്തം ഓരോ വിദ്യാലയത്തിനും അധ്യാപകർക്കും ഉണ്ട്. സർഗ്ഗാത്മക പ്രവർത്തനം എത്രമാത്രം കാര്യക്ഷമമായി നിർവ്വഹിക്കുന്നുവെന്നത് നാം വിഭാവനം ചെയ്ത അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന സങ്കല്പത്തെ സാധൂകരിക്കുന്നതാവണം.

നമ്മുടെ ചിന്തയും പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് സമയ ബന്ധിതമായി പ്രവർത്തിക്കാൻ , ഈ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ പങ്കാളികളാകാൻ, നമുക്കെല്ലാം കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

**അനുബന്ധം**

**മറ്റു മികവുകളുടെ വ്യാപനത്തിനുള്ള നിർദ്ദേശങ്ങൾ**

1. കൃഷി അനുഭവങ്ങളിലൂടെ പഠനം

പഠനത്തിനായി  നേരനുഭവങ്ങൾ ഒരുക്കാൻ പുറ്റടിയിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്. ആഴ്ച്ചയിൽ ഒരിക്കൽ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി  സമയം മാറ്റി വയ്ക്കുന്നു.  വാഴ, ചേമ്പ്, കാബേജ്, കാരറ്റ്, ബീൻസ്, ഉരുളക്കിഴങ്ങ്, പാവൽ, പടവലം, മഞ്ഞൾ തുടങ്ങിയ ജൈവ പച്ചക്കറികൾ കാര്യക്ഷമ തയോടെ കൃഷി ചെയ്യുന്നു. ഇത് മറ്റ് വിദ്യാലയങ്ങൾക്കും മാതൃകയാവുന്ന ഒരു സംരംഭമാണിത്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിൽ ഒരു പ്രധാന പങ്ക് കൃഷിരീതിക്കുണ്ട്.

2. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനം

ഇന്ന് നാം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് പരിസര മലിനീകരണം. അതിൽ പ്ലാസ്റ്റിക്കി നുള്ള പങ്ക് വളരെ വലുതാണ് സ്കൂൾ പരിസരങ്ങളിൽ കാണുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് നല്ലൊരു പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സംജാതമാക്കുവാൻ നമുക്കു സാധിക്കും.

പ്ലാസ്റ്റിക്ക് കുപ്പികൾ, പഴയ പത്രക്കടലാസുകൾ, പാഴ് വസ്തുക്കൾ ശേഖരിച്ച് കരകൗശ, വസ്തുക്കളാക്കി മാറ്റാം. ഇവ പ്രകൃതിയിൽ വലിച്ചെറിയുന്നതിനു പകരം അതിൻ്റെ ഉപയോഗസാധ്യതകൾ കണ്ടെത്താം. ഇതും വിദ്യാലയ മികവിന്റെ ഭാഗമായി നടപ്പിലാക്കാൻ പറ്റുന്ന പ്രവർത്തനമാണ്.

3. അധ്യാപകരില്ലാത്ത ഇടവേളകൾ സർഗാത്മകമാക്കാം

അധ്യാപകരില്ലാത്ത ക്ലാസ്സ് മുറികൾ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും. ഓരോ ക്ലാസ്സിനും അനുയോജ്യമായ വർക്ക് ഷീറ്റുകൾ നൽകുക. ക്ലാസ്സ് ലൈബ്രറി സജീവമാക്കുക. വരയ്ക്കാൻ കഴിയുന്ന കുട്ടിക ളുടെ കലാപരമായ കഴിവ് വളർത്തുക. കൊളാഷ് നിർമ്മിക്കുക. സർഗാത്മക രചനകൾ നടത്താം. ഇങ്ങനെ ഇട വേളകൾ വളരെയേറെ പ്രയോജനപ്പെടുത്താൻ സാധിക്കും. ഫലപ്രദമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ വിനിയോഗിക്കാൻ ഇത്തരം പ്രവർത്തനങ്ങൾ പ്രയോജനപ്പെടുന്നു.

## ഉപസംഹാരം

ഓരോ വിദ്യാലയത്തിനും അതിൻ്റെ ഫലപ്രദമായ ഭൗതിക സാഹചര്യങ്ങൾ , മാനുഷിക വിഭവശേഷി, സമ്പത്ത്, വിവിധതരം വിഭവങ്ങൾ എന്നിവ വേണം. വിദ്യാർഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും, സ്വതന്ത്രവും ശിശു സൗഹൃദപരമായ അന്തരീക്ഷവും ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത , ലഭ്യതയും കാര്യക്ഷമതയുമാണ്. ലഭ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതവും ഗുണപ്രദവുമായ പഠനസാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ-ശുചിത്വ -സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാവുന്നു.